**സമയബന്ധിതം**

നം.എ5/6145/2019

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തിയതി.21.03.2019.
PH.0484 2422227, E-Mail-ddeekm@gmail.com

**സർക്കുലർ**

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം -ഗവ.പ്രൈമറി സ്കൂൾ എച്ച്.എം പ്രൊമോഷൻ - 01.01.2003 മുതൽ 31.12.2005 വരെയുള്ള കാലഘട്ടത്തിൽ നിയമിതരായ പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്.

==============

എറണാകുളം ജില്ലയിലെ ഗവ.പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ പ്രധാനാദ്ധ്യാപക പ്രൊമോഷനുമായി ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റ് 31.12.2002 വരെയുള്ളത് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ 01.01.2003 മുതൽ 31.12.2005 വരെയുള്ള കാലയളവിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി 01.01.2003 മുതൽ 31.12.2005 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഇതേ കാലയളവിൽ അന്തർജില്ലാ സ്ഥലം മാറ്റം മുഖേന ഈ ജില്ലയിലേക്ക് വന്നിട്ടുള്ളതോ ആയ ഗവൺമെന്റ് സ്കൂൾ പി.ഡി.ടീച്ചർ / എൽ.പി.എസ്.എ/യു.പി.എസ്.എ - മാരുടെ സർവ്വീസ് കാർഡ് ക്ഷണിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള അദ്ധ്യാപകർ തങ്ങളുടെ സേവന വിവരങ്ങൾ ഇതോടൊപ്പമുള്ള സർവ്വീസ് കാർഡിൽ പൂരിപ്പിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന 16.04.2019 5-മണിക്ക് മുമ്പായി എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ട്രേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1. 01.01.2003 മുതൽ 31.12.2005 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതോ, അല്ലെങ്കിൽ ഇതേ കാലയളവിൽ അന്തർജില്ല സ്ഥലംമാറ്റം മുഖേന ഈ ജില്ലയിലേക്ക് വന്നിട്ടുള്ളതോ ആയ ഗവ.സ്കൂൾ പി.ഡി.ടീച്ചർമാർ ആണ് സർവ്വീസ് കാർഡ് സമർപ്പിക്കേണ്ടത്.

2. ഇതുവരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ നിർബന്ധിത വകുപ്പ്തല പരീക്ഷകൾ വിജയിക്കാതിരുന്നതിനാൽ പ്രൊമോഷൻ ലഭിക്കാതിരുന്നതുമായ മേൽ പ്രകാരമുള്ള അദ്ധ്യാപകർ നിലവിൽ നിർബന്ധിത വകുപ്പ് തല പരീക്ഷകൾ വിജയിച്ചിട്ടുണ്ടെങ്കിൽ ടി ആളുകളും സർവ്വീസ് കാർഡ് സമർപ്പിക്കേണ്ടതാണ്.

Scanned by CamScanner

3. സർവ്വീസ് കാർഡിനോപ്പം വകുപ്പ് തല പരീക്ഷകളായ അക്കൗണ്ട് ടെസ്റ്റ് ലോവർ, കെ.ഇ.ആർ എന്നിവ വിജയിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. ഇതോടൊപ്പമുള്ള സർവ്വീസ് കാർഡിന്റെ ഫോറത്തിൽ യാതൊരു മാറ്റവും വരുത്താതെ ബന്ധപ്പെട്ട അദ്ധ്യാപകർ അത് പൂരിപ്പിച്ച് സ്കൂൾ മേധാവിക്ക് സമർപ്പിക്കേണ്ടതും, സ്കൂൾ മേധാവി സേവന പുസ്തകവുമായി ഒത്തുനോക്കി സേവന വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി ആയത് സാക്ഷ്യപ്പെടുത്തി 12.04.2019-ന് വൈകിട്ട് 5.00 മണിക്ക് മുമ്പ് ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ തങ്ങളുടെ കീഴിലുള്ള എല്ലാ ഗവൺമെന്റ് സ്കൂളുകളിൽ നിന്നും സർവ്വീസ് കാർഡുകൾ ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതും ലഭിച്ച സർവ്വീസ് കാർഡുകൾ 16.04.2019 5 മണിക്ക് മുമ്പ് വിദ്യാഭ്യാസ ഉപഡയറക്ട്രേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

5. ഇതോടൊപ്പമുള്ള ഫോറത്തിൽ അല്ലാത്തതോ, അപൂർണ്ണമായതോ മേലധികാരി സാക്ഷ്യപ്പെടുത്താത്തതോ ആയ സർവ്വീസ് കാർഡുകൾ സ്വീകരിക്കുന്നതല്ല. കൂടാതെ സർവ്വീസ് കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ വ്യാജമാണെന്ന് പിന്നീടുള്ള പരിശോധനയിൽ തെളിഞ്ഞാൽ ബന്ധപ്പെട്ട സ്കൂൾ മേധാവി / ജീവനക്കാർ എന്നിവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർ ഉണ്ടെങ്കിൽ ടിയാളുകൾ തങ്ങളുടെ സർവ്വീസ് പുസ്തകം സൂക്ഷിച്ചിരിക്കുന്ന സ്കൂൾ / ആഫീസ് മേധാവി മുഖേന സർവ്വീസ് കാർഡ് സമർപ്പിക്കേണ്ടതാണ്.

ജില്ലയിലെ എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും ഈ സർക്കുലർ തങ്ങളുടെ കീഴിലെ സ്കൂൾ പ്രധാനാദ്ധ്യാപകരിലേക്ക് എത്തിക്കുവാൻ വേണ്ട നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ സ്കൂൾ മേധാവികൾ സർക്കുലർ തങ്ങളുടെ സ്ഥാപനത്തിലെ ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളത് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട എല്ലാ അധ്യാപകരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും സർവ്വീസ് കാർഡ് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം.

OFFICE OF THE DEPUTY DIRECTOR (EDUCATION) THRIKKAKARA CIVIL STATION COCHIN - 30 ★ ERNAKULAM ★

പകർപ്പ്.

1. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
2. എല്ലാ ഗവൺമെന്റ് സ്കൂൾ പ്രധാനാദ്ധ്യാപകർക്കും
   (ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന)
3. ജില്ലയിലെ എല്ലാ പി.ഡി.ടീച്ചർ/ എൽ.പി.എസ്.എ/യു.പി.എസ്.എ മാർക്കും
   (ബന്ധപ്പെട്ട സ്കൂൾ മേധാവി മുഖേന)

എൻ.എസ്.

Scanned by CamScanner

# സർവ്വീസ് കാർഡ്

| | | | |
|---|---|---|---|
| 1 | അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ പേര് | : | |
| 2 | ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര്, ഫോൺ നമ്പർ | : | |
| 3 | പഠിപ്പിക്കുന്ന വിഷയം | : | |
| 4 | പെൻ നമ്പർ | : | |
| 5 | ജനന തീയതി | : | |
| 6 | സേവനത്തിൽ പ്രവേശിച്ചതിന്റെ വിശദാംശങ്ങൾ | : | |
| എ | പി.എസ്.സി.മുഖേനയുള്ള നിയമനമെങ്കിൽ അഡ്വൈസ് നമ്പർ & തീയതി, പി.എസ്.സി അഡ്വൈസ്, ക്രമനമ്പർ , ജോലിയിൽ പ്രവേശിച്ച തീയതി | : | |
| ബി | സ്പെഷ്യൽ റിക്രൂട്ട്മെന്റ് (വികലാംഗർ) (ജില്ലാ കളക്ടർ മുഖേന) വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നമ്പർ, തീയതി | : | |
| സി | പി.ഡി.ടീച്ചർ തസ്തികയിൽ നിന്നും എച്ച്.എസ്.എ തസ്തികയിലേക്ക് പെർമനന്റ് പ്രൊമോഷൻ ലഭിച്ചതാണെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നമ്പർ, തീയതി | : | |
| ഡി | അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | : | |
| ഇ | സർക്കാർ സർവ്വീസിലേക്ക് അബ്സോർബ് ചെയ്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ അവരുടെ ഗവൺമെന്റ് സർവ്വീസിലെ സീനിയോറിറ്റി പരിഗണിക്കുന്ന തീയതി (പ്രസ്തുത സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്) പ്രസ്തുത തീയതി | | |
| എഫ് | വികലാംഗരായ എംപ്ലോയ്മെന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയതാണെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നമ്പർ, തീയതി | : | |
| ജി | വികലാംഗരായ എംപ്ലോയ്മെന്റ് ജീവനക്കാരുടെ എച്ച്.എസ്.എ തസ്തികയിലെ പുനർനിയമനം, വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നമ്പർ, തീയതി | : | |

Scanned by CamScanner

| | | | |
|---|---|---|---|
| എച്ച് | സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരാണെങ്കിൽ പി.എസ്.സി. അഡ്വൈസ് നമ്പർ, തീയതി<br>പി.എസ്.സി അഡ്വൈസ് ക്രമനമ്പർ,<br>ജോലിയിൽ പ്രവേശിച്ച തീയതി | | |
| ഐ | പ്രൊബേഷൻ പൂർത്തീകരണ ഉത്തരവ് നമ്പറും, തീയതിയും | : | |
| 7 | പ്രൊബേഷന് മുമ്പ് ശൂന്യവേതനാവധി എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | : | |
| 8 | അച്ചടക്ക നടപടി മൂലം റാങ്ക് കുറവ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | | |
| 9 | എസ്.സി /എസ്.റ്റി വിഭാഗത്തിൽപ്പെട്ട ആളാണോ? ആണെങ്കിൽ വിഭാഗം | | |
| 10 | ജോലിയിൽ പ്രവേശിക്കാൻ നിയമന ഉത്തരവ് തീയതി മുതൽ 3 മാസത്തിൽ കൂടുതൽ എക്സറ്റൻഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച തീയതി | : | |
| 11 | വകുപ്പ് തല പരീക്ഷകൾ (അക്കൗണ്ട് ടെസ്റ്റ് ലോവർ/ കെ.ഇ.ആർ) എന്നിവ വിജയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ | | |

അദ്ധ്യാപകന്റെ പേര് :
ഒപ്പ് :

അദ്ധ്യാപകന്റെ സർവ്വീസ് വിവരങ്ങൾ സർവ്വീസ് ബുക്കുമായി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

പ്രധാനാദ്ധ്യാപകന്റെ പേര്, ഒപ്പ് :
സ്കൂളിന്റെ പേര് :

Scanned by CamScanner